പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4662 25/06/2019 -ലെ മറുപടിക്ക്.

## കശുവണ്ടി തൊഴിലാളി ക്ഷേമനിധി അംഗങ്ങൾക്ക് പെൻഷൻ

ചോദ്യം

**ശ്രീ.അബ്ദുൽ ഹമീദ്. പി. :**

മറുപടി

**ശ്രീ. ടി.പി.രാമകൃഷ്ണൻ**

**(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിന്റെ ക്ഷേമനിധി പദ്ധതിയുടെ ഭാഗമായി അംഗങ്ങൾക്ക് പെൻഷൻ നൽകി വരുന്നുണ്ടോ എന്നറിയിക്കുമോ; | (എ) | ഉണ്ട്. ക്ഷേമനിധി പദ്ധതി നിലവിൽ വരുന്നതിന് മുമ്പ് പിരിഞ്ഞവർക്കും, ക്ഷേമനിധി അംഗങ്ങളായി പിരിഞ്ഞവർക്കും ഈ ബോർഡിൽ നിന്നും പെൻഷൻ നൽകി വരുന്നുണ്ട്. |
| (ബി) | 2018-2019 സാമ്പത്തിക വർഷം വരെയുള്ള പെൻഷൻ കൊടുത്തു തീർത്തിട്ടുണ്ടോ എന്നറിയിക്കാമോ; | (ബി) | 2018-2019 സാമ്പത്തിക വർഷം വരെയുള്ള പെൻഷൻ 04/2019 ന് വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | 2018-2019 വർഷം ആകെ എന്തു തുകയാണ് പെൻഷൻ വിതരണത്തിനായി ചെലവാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ? | (സി) | 2018-2019 സാമ്പത്തിക വർഷം 65169 പേർക്ക് പെൻഷൻ വിതരണത്തിനായി 86,54,13,257/- രൂപ ചെലവാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ